പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

11064/C3/15/LBR

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 912.

30.06.2015 ന് മറുപടിയ്ക്ക്.

## അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. എം.പി.വിൻസെൻറ് :<br>ശ്രീ. പി.സി വിഷ്ണുനാഥ് :<br>ശ്രീ. സി.പി.മുഹമ്മദ്: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് സ്ഥാപിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത അക്കാഡമിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ; | (എ) ഉണ്ട്; വിവിധ മേഖലയിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ തുടങ്ങുക, ആഗോളവത്കരണ ത്തെത്തുടർന്ന് ആധുനിക ലോകത്തെ വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിൽ സാധ്യതയ്ക്കനുസൃതമായി ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്ര പരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്നിവ യാണ് ഈ അക്കാഡമിയുടെ പ്രധാന ലക്ഷ്യം. |
| (ബി) പ്രസ്തുത സ്ഥാപനം വഴി നടപ്പാക്കിയ പദ്ധതികൾ വ്യക്തമാക്കുമോ ; | (ബി) ഇന്റർനാഷണൽ സ്കിൽസ് പാർക്ക് തുടങ്ങുന്നതിനായി അങ്കമാലിയിലെ ഇൻകലിൽ കെട്ടിടം Lease വ്യവസ്ഥയിൽ എടുത്തിട്ടുണ്ട്. ഇവിടെ ഹൈടെക്ക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, ഓയിൽ & റിഗ് , റീടൈൽ, സെക്യൂരിറ്റി, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. കൗശലകേന്ദ്രം തുടങ്ങുന്നതിന് കൊല്ലം ജില്ലയിലെ ചവറയിലും പാലക്കാട് ജില്ലയിലെ കുട്ടനാട്ടിലും സ്ഥലം കണ്ടെത്തുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. നഴ്സിംഗ് മേഖലയിൽ മികവിന്റെ കേന്ദ്രം തുടങ്ങുന്നതിന് പങ്കാളിയെ കണ്ടെത്തി ധാരണാപത്രത്തിൽ ഒപ്പ് വയ്ക്കുകയും തിരുവനന്തപുരം കിൻഫ്രയിൽ കെട്ടിടം |

എടുക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. ആദ്യ ബാച്ചിന്റെ പരിശീലനം ഉടൻ തന്നെ ആരംഭിക്കുന്നതാണ്. ഏവിയേഷൻ അക്കാദമി സ്ഥാപിക്കുന്നതിന് പങ്കാളിയെ കണ്ടെത്തുകയും തിരുവനന്തപുരം ടെക്നോസിറ്റിയിൽ 5 ഏക്കർ സ്ഥലം മാറ്റി വയ്ക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

(സി) പ്രസ്തുത അക്കാഡമി ഏതെല്ലാം തൊഴിൽ മേഖലകളിലാണ് പദ്ധതികൾ നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ ?

(സി) ഹൈടെക്ക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, ഓയിൽ & റിഗ്, റീട്ടെയിൽ, സെക്യൂരിറ്റി, കൺസ്ട്രക്ഷൻ, നഴ്സിംഗ്, വ്യോമയാനം, ടൂറിസം, ഓട്ടോമോബൈൽ, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ